# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5817 05.07.2013 - ൽ മറുപടിക്ക്

## നേമം നിയോജകമണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി. ശിവൻകുട്ടി : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതു മരാമത്ത് വകുപ്പ് മന്ത്രി) |

നേമം നിയോജകമണ്ഡലത്തിലെ മധുപാലം, പനത്തുറ പാലം, മുടവൻ മുഗൾ പാലം, തിരുവല്ലം - ഇടയാർ പാലം, കീഴാറത്തൂർ പാലം, മാങ്കോട്ടുകടവ് പാലം, കല്ലടിമുഖം പാലം, പള്ളത്തുകടവ്പാലം എന്നീ പാലങ്ങളുടെ നിർമ്മാണം സംബന്ധിച്ചുള്ള നിലവിലുള്ള സ്ഥിതിയെകുറിച്ച് എല്ലാ വിശദാംശങ്ങളും ലഭ്യമാക്കുമോ ?

നേമം നിയോജകമണ്ഡലത്തിലെ പാലം നിർമ്മാണ പദ്ധതികളുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു.

1) **മധുപാലം**

ഈ പാലം പണിക്ക് ജി. ഒ (ആർ. റ്റി) നമ്പർ 773/13/പൊ.മ.വ. തീയതി 30.05.2013 പ്രകാരം എം. എൽ. എ. യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി 7.00 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പാലത്തിന്റെ ഡിസൈൻ പൂർത്തിയായി. പദ്ധതി നിർവ്വഹണത്തിനായി തിരുവല്ലം, നേമം എന്നീ വില്ലേജുകളിൽ ഉൾപ്പെട്ട സ്ഥലം പൊന്നുംവിലയ്ക്ക് എടുക്കേണ്ടതുണ്ട്. പൊന്നുംവില നടപടികൾക്കായി അതിർത്തികുറ്റികൾ സ്ഥാപിക്കുവാനുള്ള 35,000/- രൂപയുടെ എസ്റ്റിമേറ്റ് സാങ്കേതിക അനുമതി നൽകി അനന്തര നടപടികൾ സ്വീകരിച്ചു വരുന്നു.

2) **പനത്തുറ പാലം**

പ്രസ്തുത പാലത്തിന്റെ ഇൻവെസ്റ്റിഗേഷനും ഡിസൈനും പൂർത്തിയായി. പുതിയ നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

3) **മുടവൻമുഗൾ പാലം**

ഈ പാലം പണിയുടെ ഇൻവെസ്റ്റി - ഗേഷൻ പൂർത്തിയായി. പാലത്തിന്റെ ഡിസൈൻ അനുസരിച്ച് ഡീറ്റെയിഡ് എസ്റ്റി- മേറ്റ് തയ്യാറാക്കി വരുന്നു.

4) **തിരുവല്ലം - ഇടയാർ പാലം, കീഴാറന്നൂർ പാലം, മാങ്കോട്ടു കടവ് പാലം.**

ഈ മൂന്ന് പാലങ്ങളുടേയും ഇൻവെസ്റ്റിഗേഷൻ പണികൾക്കായി യഥാ- ക്രമം 3.0 ലക്ഷം, 4.0 ലക്ഷം, 4.0 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ പണികൾക്കുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു.

5) **കല്ലടിമുഖം പാലം**

കല്ലടി മുഖംപാലം നിർമ്മാണത്തിനായി ജി. ഒ (ആർ. റ്റി) നമ്പർ 1044/2009/പൊ.മ.വ. തീയതി 14.07.2009 പ്രകാരം 5.0 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പാലം നിർമ്മാണത്തിനാവശ്യമായ സ്വകാര്യ ഭൂമി പൊന്നുംവിലയ്ക്ക് എടുക്കുവാനുള്ള നടപടികൾ പുരോഗമിക്കുന്നു.

6) **പള്ളത്തുകടവ് പാലം**

പള്ളത്തുകടവ് പാലം നിർമ്മാണ- ത്തിനായി ജി. ഒ (ആർ.റ്റി) നമ്പർ 1185/2009/പൊ.മ.വ. തീയതി 14.08.2009 പ്രകാരം 8.50 കോടി രൂപയുടെ ഭരണാനു- മതി നൽകിയിട്ടുണ്ട്. പാലത്തിന്റെ ഡിസൈൻ പൂർത്തിയായി. പദ്ധതി നിർവ്വഹണത്തി - നാവശ്യമായ സ്വകാര്യ ഭൂമി പൊന്നും- വിലയ്ക്ക് എടുക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ